# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5137** — **27/06/2019-ൽ മറുപടിയ്ക്ക്**

## മോർട്ടൽ കോൺഫറൻസുകൾ

**ചോദ്യം**

**ശ്രീ.കെ.വി.വിജയദാസ്**

എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ മെഡിക്കൽ കോളേജുകളിൽ ഉണ്ടായ പനി മരണങ്ങളുടെ മോർട്ടൽ കോൺഫറൻസുകൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

ബി) പ്രസ്തുത വിഷയം ഗൗരവമായി കണക്കിലെടുത്ത് മോർട്ടൽ കോൺഫറൻസുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ?

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) യും ബി) യും എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും മോർട്ടാലിറ്റി കോൺഫറൻസുകൾ നാല് മാസത്തിലൊരിക്കൽ നടത്തി വരുന്നു. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഓരോ ഡിപ്പാർട്ട്മെന്റുകളിൽ നടക്കുന്ന മരണങ്ങൾ (പനി മരണങ്ങൾ ഉൾപ്പെടെ) മോർട്ടാലിറ്റി കോൺഫറൻസുകളിൽ വിശകലനം ചെയ്തു വരുന്നു. വകുപ്പ് മേധാവികളുടെ അദ്ധ്യക്ഷതയിൽ കൂടുന്ന മോർട്ടാലിറ്റി കോൺഫറൻസിൽ യൂണിറ്റ് ചീഫുമാർ ഉൾപ്പെടെയുള്ള ഡോക്ടർമാർ പങ്കെടുക്കുന്നു. പനിയുൾപ്പെടെയുള്ള മരണങ്ങളുടെ കാരണങ്ങൾ മോർട്ടാലിറ്റി കോൺഫറൻസ് വിശദമായി വിശകലനം ചെയ്യുന്നു. സാധാരണയായി കണ്ടുവരുന്ന ഡെങ്കിപ്പനി, ലെപ്റ്റോസ്പൈറോസിസ്, ടൈഫസ് പനി, ബ്രൂസലോസിസ്, ഹാൻഡാവൈറസ്, മലേറിയ, എച്ച്1എൻ1, ജാപ്പനീസ് എൻസെഫലൈറ്റിസ് തുടങ്ങിയ പനിയുമായി ബന്ധപ്പെട്ട് വരുന്ന കേസുകൾ വിശദമായി വിശകലനം ചെയ്യുന്നു. പനി മരണങ്ങൾ തടയുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇത് നടത്തപ്പെടുന്നത്.

സെക്ഷൻ ഓഫീസർ